<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 380**</u> <u>**23-07-2021 - ൽ മറുപടിയ്ക്ക്**</u>

<u>**പട്ടികജാതിക്ഷേമ വകുപ്പിന്റെ പദ്ധതികൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന മങ്കട നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മങ്കട നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നുണ്ട്. കളത്തിൽ ചാളക്കൽ, ചൊവ്വണ, അമ്പലപ്പറമ്പ് കോളനികളിൽ പ്രവൃത്തി നടന്നുവരുന്നുണ്ട്. പദ്ധതിയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ? | (ബി) | വിവാഹധനസഹായം, മിശ്രവിവാഹിതർക്ക് ധനസഹായം, ഭൂരഹിത പുനരധിവാസ പദ്ധതി, ഭവനപൂർത്തീകരണ പദ്ധതി, ആരോഗ്യ സുരക്ഷാപദ്ധതി, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം, ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി, വിജ്ഞാൻവാടി, വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക ധനസഹായം, വാത്സല്യനിധി, സ്വയംതൊഴിൽ, വക്കീലൻമാർക്ക് ധനസഹായം, അപ്രന്റിസ്ഷിപ്പ്/അഡീഷണൽ അപ്രന്റിസ്ഷിപ്പ് , ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പ്രത്യേക പ്രോത്സാഹന സമ്മാനം, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നീ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് വർഷം തോറും നടപ്പിലാക്കി വരുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**1. കളത്തിൽ ചാലക്കൽകോളനി**

എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയായ പ്രവൃത്തികൾ

1. ഡ്രിങ്കിംഗ് വാട്ടർഫെസിലിറ്റി
2. സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ്
3. മോഡെണൈസേഷൻ ഓഫ് കോമൺ അമ്- നെറ്റീസ്
4. ഇന്റേണൽ പാത്ത് വേ
5. ബൗണ്ടറി വാൾസ്
6. മെയ് ന്റൻസ് ഓഫ് എക്സിസ്റ്റിംഗ് ഹൗസ്
7. സാനിറ്റേഷൻ

പൂർത്തിയാക്കാനുളളവ:

1. സോളാർ സ്ട്രീറ്റ് ലൈറ്റ്
2. ഡ്രിങ്കിംഗ് വാട്ടർഫെസിലിറ്റിയുടെ ഭാഗമായ ഒരു കിണർ റിപ്പയർ ചെയ്യാനുണ്ട്.

**2. ചൊവ്വാണകോളനി**

എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയായ പ്രവൃത്തികൾ

1. ബൗണ്ടറിവാൾസ്
2. ഇന്റേണൽ പാത്ത് വേ
3. ഡ്രിങ്കിംഗ് വാട്ടർഫെസിലിറ്റി
4. ഡ്രെയ്നേജ് ഫെസിലിറ്റി
5. മെയ് ന്റനൻസ് ഓഫ് എക്സിസ്റ്റിംഗ് ഹൗസ്
6. സാനിറ്റേഷൻ

   നിലവിലുളള എസ്റ്റിമേറ്റ് പ്രകാരമുളള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്

**3. അമ്പലപ്പറമ്പ് കോളനി**

10 ലക്ഷം രൂപ ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്. ജില്ലാനിർമ്മിതി കേന്ദ്രമാണ് നിർവഹണ ഏജൻസി. ടി കോളനിയുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഏജൻസി ടെണ്ടർ വിളിച്ചിരിന്നുവെങ്കിലും ആരും ഏറ്റെടുത്തിട്ടില്ല. ഉടൻ റീ ടെണ്ടർ വിളിക്കുന്നതാണ്. കോളനിയിലെ പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**